16
ഡിസംബർ
2017

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

**ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..**
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

## സാധാരണ മൃഗങ്ങളുടെ നടുവൊടിച്ച് ജെ.എസ്.ടി

ചെങ്കാട്: സാധാരണ മൃഗങ്ങളുടെ ജീവിതം കൂടുതൽ ദുരിതമയമാക്കിയിരിക്കുകയാണ് കേന്ദ്രഭരണകൂടത്തിന്റെ പുതിയ ജെ.എസ്.ടി(ജംഗ്ൾ സ്റ്റേ ടാക്സ്). ഇതു പ്രകാരം വലിയ പ്രയാസങ്ങളാണ് മൃഗങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നത്.

ഇര പിടിക്കാനോ വെള്ളം കുടിക്കാനോ മരങ്ങളിലെ കായ് കനികൾ ഭക്ഷിക്കാനോ പോലും ജെ.എസ്.ടി കൊടുക്കേണ്ടി വരും. കഴിക്കുന്ന എന്തിന്റെയും ഒരു നിശ്ചിത ശതമാനം മൃഗങ്ങൾ കേന്ദ്രഭരണ ഗുഹയിലെത്തിച്ചില്ലെങ്കിൽ കാട് കടത്തലടക്കമുള്ള ശിക്ഷകൾ നേരിടേണ്ടി വരും.



*ജെ.എസ്.റ്റിയെ തുടർന്ന് തിരക്ക് കുറഞ്ഞ മാർക്കറ്റ്*

ജെ.എസ്.ടി നയത്തിൽ ഒരു കൃത്യത നയം കൊണ്ടുവന്നവർക്ക് പോലുമില്ല എന്നതാണ് സത്യം. മൃഗജീവിതം ആകെ സ്തംഭനാവസ്ഥയിലാണ്. ജെ.എസ്.ടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ പാർട്ടികൾ രംഗത്തെത്തിയിട്ടുണ്ട്.

## ഇക്രു ഉറുമ്പ് ചവിട്ടേറ്റ് മരിച്ചു


*ഇക്രു ഉറുമ്പ്*

എലിഫെന്റ്ങ്ങാടി: മന്നൻ ആനയുടെ ചവിട്ടേറ്റ് ഇക്രു ഉറുമ്പ് അതിദാരുണമായി മരണപ്പെട്ടു. ഇയർഫോണിൽ ജിമിക്കി കമ്മൽ പാട്ടും കേട്ട് തോട്ടിലേക്ക് വെള്ളം കുടിക്കാൻ പോവുകയായിരുന്നു ഇക്രു. അന്നേരം മൊബൈലിൽ ഫേസ്ബുക്കിൽ നടൻ മങ്കൻകുമാറിന്റെ തമാശ ഭാഗങ്ങൾ കണ്ട് ചിരിച്ച് ചിരിച്ച് വരികയായിരുന്നതു കൊണ്ട് ഇക്രു മുന്നിലുള്ളത് അറിഞ്ഞില്ല എന്ന് മന്നൻ പറഞ്ഞു. ഇക്രുവിന്റെ ഇയർ ഫോണിനും മൊബൈൽ ഫോണിനും കേടുപാടുകളില്ല.

ചവിട്ടേൽക്കുന്നതിന് മുമ്പ് കൈയിൽ നിന്ന് ഒരു പക്ഷേ തെറിച്ചു പോയതാകാം എന്നാണ് പോലീസ് നിഗമനം.

## ജിമിക്കി കമ്മൽ പാട്ട് വാസ്തവ വിരുദ്ധം

പൂച്ചനാപുരം: ഇപ്പോൾ വൈറലായിക്കൊണ്ടിരിക്കുന്ന ജിമിക്കി കമ്മൽ പാട്ട് വാസ്തവവിരുദ്ധമാണെന്ന് ചിക്കിപ്പൂച്ച. എന്റെ മോൻ കുഞ്ചു എല്ലായിടത്തും പാടി നടക്കുന്നുണ്ട്, എന്റമ്മേടെ ജിമിക്കി കമ്മൽ എന്റപ്പൻ കട്ടോണ്ട് പോയി എന്ന്. അത് ശരിയല്ല. എന്റെ കമ്മൽ വീടിന്റെ തട്ടിൻ പുറത്ത് തന്നെയുണ്ട്. പിന്നെ എന്റെ കെട്ട്യോൻ കണ്ടൻ പൂച്ചക്ക് എന്റെ കമ്മൽ കട്ടോണ്ട് പോകേണ്ട യാതൊരു ആവശ്യവുമില്ല. ചോദിച്ചാൽ ഞാൻ കൊടുക്കും എന്ന് അങ്ങോർക്കറിയാം.

ഞങ്ങടെ മോൻ കുഞ്ചു പൂച്ച ഇങ്ങനെ പാടാൻ കാര്യം, അവൻ സ്കൂളീ പോകാത്തതിന് അവന്റച്ഛൻ കണ്ടൻ നന്നായി വഴക്കു പറഞ്ഞിരുന്നു. ആ ദേഷ്യത്തിനാണ് കുഞ്ചു ഇങ്ങനെയെല്ലാം കള്ളങ്ങൾ പാടി നടക്കുന്നത്.



അത് സത്യമാണെന്ന് കരുതി മൃഗങ്ങളെല്ലാം അത് പാടി നടന്നു. എന്തങ്കിലും കാര്യങ്ങൾ കേട്ടാൽ അത് പാടിനടക്കും മുമ്പ് കേട്ട കാര്യത്തിൽ വല്ല്യ സത്യവും ഉണ്ടോ എന്ന് അന്വേഷിക്കണം എന്നും ചിക്കിപ്പൂച്ച പറഞ്ഞു.






## എല്ലാ മൃഗങ്ങൾക്കും ഇനി ആധാർ നിർബന്ധം

അപ് ഫോറസ്റ്റ്: എല്ലാ മൃഗങ്ങൾക്കും ഇനി പുതിയ തിരിച്ചറിയൽ രേഖ ആധാർ നിർബന്ധം. രണ്ട് മാസത്തിനുള്ളിൽ തന്നെ നിർദിഷ്ട സ്ഥലങ്ങളിൽ പോയി ഫോട്ടോയെടുത്ത് ആവശ്യമായ വിവരങ്ങളും ചേർത്ത് ആധാർ എടുക്കണമെന്ന് ബന്ധപ്പെട്ട കേന്ദ്രങ്ങൾ അറിയിച്ചു. തിരിച്ചറിയാത്ത ഒരു കുറുക്കന്റെ മൃതദേഹം കാട്ടിൽ വന്നതിന് ശേഷമാണ് തിരിച്ചറിയൽ കാർഡിന്റെ ആവശ്യം ഗവൺമെന്റിന് മനസ്സിലായത്.